ശ്രീ. ആര്യാടൻ മുഹമ്മദ് : ബഡ്ജറ്റ് സ്പീച്ചിൽ വളരെ വ്യക്തമായി അറുപതിനായിരം കോടി രൂപ എന്ന് പറഞ്ഞു. സപ്ളിമെന്ററി ഗ്രാന്റ് ഈ മാർച്ച് 31 വരെ ചെലവഴിക്കേണ്ടതാണ്. അതിന് പത്ത് കോടി രൂപ നീക്കിവച്ചു. ബാക്കി ബഡ്ജറ്റ് പ്രസംഗത്തിൽ വന്നാൽ, budget speech is also part of Budget.

ഡോ. തോമസ് ഐസക് : ഞാൻ ഒരു കാര്യവും മറച്ചു വച്ചിട്ടില്ല. ഞാൻ സംസാരിച്ചപ്പോൾ (ബഹളം).... ചെലവ് എത്രയെന്നുള്ളത് ഇപ്പോൾ എസ്റ്റിമേറ്റ് ചെയ്യാൻ കഴിയില്ല. അതുകൊണ്ട് അത് സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് സിലെ വയ്ക്കാൻ പറ്റുകയുള്ളു. അത് വ്യക്തമായി പറയുകയും ചെയ്തു. എത്രയാണ് ബഡ്ജറ്റ് ടൈയിൽ മാറ്റം വരുന്നത്? ഒറിജിനൽ ക്ലോസിംഗ് ബാലൻസ് 627.4 കോടി രൂപയാണ്. അതിൽ 5 കോടി രൂപ നികുതിയിനത്തിൽ നഷ്ടം വരും. ഒരു കോടി രൂപ സ്പോർട്ട്സിനും 50 ലക്ഷം രൂപ ഹൈക്കോടതി ബഞ്ചിന്, ബഹുമാനപ്പെട്ട ഹൈക്കോടതി അനുവദിക്കുമ്പോൾ ചെലവാക്കുന്നതിനും വേണ്ടിയാണ്. എന്റെ വിശ്വാസവും അതുണ്ടാവുമെന്നുള്ളതാണ്. അപ്പോൾ ആറര കോടി രൂപയാണ് അധികമായി വരുന്നത്. വർഷാന്ത്യ കമ്മി 627.4+6.5 അങ്ങനെ 633.9 കോടി രൂപ. ഇത് ഇന്നലെ ഞാൻ പറയുകയും ചെയ്തു.

ശ്രീ. കെ.സി. ജോസഫ്: അടുത്ത ദിവസം ഇവിടെ അപ്രോപ്രിയേഷനും മൂന്ന് മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ടും പാസ്സാക്കും. അതുകൊണ്ട് മൂന്ന് മാസം കഴിയാതെ അങ്ങ് പറഞ്ഞ ഒരു ആനുകൂല്യവും എടുക്കാൻ കഴിയുകയില്ല. ഒരു ടോക്കൺ പ്രൊവിഷനെങ്കിലും ഇല്ലെങ്കിൽ മൂന്ന് മാസം കഴിയാതെ അങ്ങ് പറഞ്ഞ ഒരു ആനുകൂല്യത്തിനും ബഡ്ജറ്ററി സപ്പോർട്ട് ഇല്ല.

ഡോ. തോമസ് ഐസക്: അത് നേരത്തെ പറഞ്ഞു കഴിഞ്ഞു. ഇത് ഒരു പ്രത്യേക ഹെഡ്ഡല്ല. പി.ഡബ്ളിയു.ഡി., മൈനർ ഇറിഗേഷൻ, കെ.ഡബ്ളിയു.എ., ഹാർബർ എൻജിനീയറിംഗ് എന്നിവയുടെയൊക്കെ ഹെഡ്സ് ഓഫ് അക്കൗണ്ടിൽ തന്നെയാണ് വരുന്നത്. അവിടെ പണമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചെയ്യാൻ സാധിക്കും.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : കഴിഞ്ഞ വർഷം ധനകാര്യ വകുപ്പുമന്ത്രി ഒരു കോടി രൂപയുടെ എ.എസ്. തന്നിട്ടുണ്ട്. ഇനിയും ഒരു കോടി രൂപയുടേതാണോ, അതോ രണ്ട് കോടി രൂപയുടേതാണോ എ.എസ്. കൊടുക്കാൻ പറ്റുക എന്നാണ് അറിയേണ്ടത്.

ഡോ. തോമസ് ഐസക് : ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ ഇതിനെ കുറിച്ച് പറയാം. ഇപ്പോൾ ഇത് ക്രമപ്രശ്നത്തിന്റെ മറുപടിയാണ്.

റൂളിംഗ്

മി. സ്പീക്കർ: ശ്രീ. കെ.സി. ജോസഫ് ഉന്നയിച്ച ക്രമപ്രശ്നത്തിന് മന്ത്രി മറുപടി പറഞ്ഞു കഴിഞ്ഞിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly